# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **26.02.2018-ൽ മറുപടിക്ക്**
**നമ്പർ.70**

## പി.എസ്.സി. പരീക്ഷകളിലെ അപാകതകൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. അൻവർ സാദത്ത്** **പിണറായി വിജയൻ**
**,, വി.ടി.ബൽറാം** **മുഖ്യമന്ത്രി**
**,, അനിൽ അക്കര**
**,, പി.ടി.തോമസ്**

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (നഴ്സിംഗ്) തസ്തികയിലേക്ക് 09.02.2018-ൽ പി.എസ്.സി. നടത്തിയ പരീക്ഷയിലെ പത്ത് ചോദ്യങ്ങൾ വെബ് സൈറ്റിൽ നിന്നും അതേപടി പകർത്തിയതാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; | (എ) | ലഭ്യമായ പരാതികൾ പി.എസ്.സി പരിശോധിച്ചു വരുന്നു. |
| ബി) | പ്രസ്തുത പരീക്ഷയിൽ കൂടുതൽ ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട മെഡിക്കൽ/സർജിക്കൽ /നഴ്സിംഗ് വിഭാഗത്തിൽ നിന്നും വളരെ കുറച്ച് ചോദ്യങ്ങൾ മാത്രമെ ഉൾപ്പെടുത്തിയിരുന്നുള്ളു എന്നത് വസ്തുതയാണോ; | ബി) | അസിസ്റ്റന്റ് പ്രൊഫസർ (നഴ്സിംഗ്) തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത Msc Nursing ആയിരുന്നു. ആയതിനെ അടിസ്ഥാനപ്പെടുത്തിയ ചോദ്യങ്ങളാണ് പ്രസ്തുത പരീക്ഷയിൽ ഉൾപ്പെടുത്തിയിരുന്നത്. |
| സി) | പ്രസ്തുത പരീക്ഷ റദ്ദ് ചെയ്യണമെന്ന ഉദ്യോഗാർത്ഥികളുടെ ആവശ്യം പരിശോധിക്കുവാൻ പി.എസ്.സി.യോട് ആവശ്യപ്പെടുമോ; | സി) | പി.എസ്.സി കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ പല ചോദ്യപേപ്പറുകളെക്കുറിച്ചും വ്യാപകമായ പരാതി ഉണ്ടാകുന്ന സാഹചര്യത്തിൽ ചോദ്യ പേപ്പർ തയ്യാറാക്കുന്ന സംവിധാനം പരിഷ്കരിക്കുവാൻ പി.എസ്.സി.യോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | പി.എസ്.സി പരീക്ഷാ നടത്തിപ്പ്, ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് തുടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ